## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*69 30.10.2019-ൽ മറുപടിക്ക്

# അനാഥാലയങ്ങളിൽ സേവനം ചെയ്യുന്നവർക്ക് ക്ഷേമനിധി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. മാണി.സി.കാപ്പൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് അനാഥാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയുൾപ്പെടെ അശരണരും നിരാലംബരും ഭിന്നശേഷിക്കാരും രോഗികളും ഉപേക്ഷിക്കപ്പെട്ടവരുമായ ആളുകളെ അധിവസിപ്പിച്ചിരിക്കുന്നതും വ്യക്തികളോ സംഘടനകളോ നടത്തിവരുന്നതുമായ സ്ഥാപനങ്ങളിൽ നിസ്വാർത്ഥമായി ജോലി ചെയ്യുന്നവരും പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് വേണ്ട സേവനം ചെയ്യുന്നവരുമായിട്ടുള്ളവർക്കായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;<br><br>(ബി) ഇവർക്കായി ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | (എ)<br>&<br>(ബി) | 02.02.2016 - ലെ സ.ഉ.(അച്ചടി) നം. 24/2016/തൊഴിൽ പ്രകാരം രൂപീകൃതമായിട്ടുള്ള കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ മറ്റ് പദ്ധതികളിൽ അംഗമല്ലാത്ത എല്ലാ അസംഘടിത തൊഴിലാളികൾക്കും അംഗമാകാവുന്നതാണ്. ഇപ്രകാരം അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>1. പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വമുള്ളവർക്ക് 60 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വകാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം അനുവദിക്കുന്നതാണ്.<br>2. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച വനിത അംഗത്തിന് പ്രസവ ധനസഹായമായി 15000 രൂപ വരെ ലഭിക്കുന്നതാണ്.<br>3. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിതാ അംഗങ്ങൾക്കും വിവാഹ ധന സഹായമായി 10000 രൂപ ലഭിക്കുന്നതാണ്.<br>4. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ് പൂർത്തിയാക്കി വിരമിക്കുന്ന ആൾക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നതാണ്. |

5. പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷന് അർഹതയുള്ള അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്.

6. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കുകയും അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത അനുഭവിക്കുന്ന അംഗത്തിന് അവശതാ പെൻഷനായി പ്രതിമാസം 1200 രൂപ നൽകുന്നതാണ്.

7. പദ്ധതിയംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 750 രൂപ മുതൽ 2500 രൂപ വരെ വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകിവരുന്നു.

8. പദ്ധതി അംഗം മരണമടഞ്ഞാൽ മരണാനന്തര ചെലവുകൾക്കായി 1000 രൂപ നിധിയിൽ നിന്നും ആശ്രിതന് ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

9. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി 3 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കത്തക്ക വിധത്തിൽ പലിശരഹിത വായ്പയും അനുവദിക്കുന്നു.

സംസ്ഥാനത്ത് അനാഥാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയുൾപ്പെടെ അശരണരും നിരാലംബരും ഭിന്നശേഷിക്കാരും രോഗികളും ഉപേക്ഷിക്കപ്പെട്ട-വരുമായ ആളുകളെ അധിവസിപ്പിച്ചിരിക്കുന്നതും വ്യക്തികളോ സംഘടനകളോ നടത്തി-വരുന്നതുമായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ചേരാവുന്നതും ആനുകൂല്യങ്ങൾ കൈപ്പറ്റാവുന്നതുമാണ്. ഈ സാഹചര്യത്തിൽ ടി വിഭാഗക്കാർക്കായി ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കേണ്ട സാഹചര്യം നിലവിലില്ല.

സെക്ഷൻ ഓഫീസർ